ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 13.07.2025**

## പ്രധാനവാർത്തകൾ

1. കേരളത്തിൽ നിന്നുള്ള സി. സദാനന്ദൻ മാസ്റ്റർ ഉൾപ്പെടെ നാല് പേരെ രാജ്യസഭയിലേക്ക് നാമനിർദേശം ചെയ്ത് രാഷ്ട്രപതി. പുതിയ അംഗങ്ങളെ അഭിനന്ദിച്ച് പ്രധാനമന്ത്രി.

2. മൻ കി ബാത്ത് ടാലന്റ് ഹണ്ട് പോലുള്ള വേദികൾ യുവ ജനതയുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരം ഒരുക്കുന്നതായി കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ.

3. ഗുരു വന്ദനത്തിനെതിരെയുള്ള പരാമർശങ്ങൾ ദൗർഭാഗ്യകരമെന്ന് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. സംഭവത്തിൽ വിശദമായ അന്വേഷണം നടത്തുമെന്ന് വിദ്യാഭ്യാസ മന്ത്രി.

4. ട്രെയിനുകളിലെ എല്ലാ കോച്ചുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുമെന്ന് റെയിൽവെ മന്ത്രാലയം.

5. നവഗ്രഹ പ്രതിഷ്ഠയോടനുബന്ധിച്ചുള്ള പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട ഇന്ന് അടയ്ക്കും.

&&&&&&&&&&&&&&&&&&

<u>രാജ്യസഭ നാമനിർദ്ദേശം</u>

PNU TVPM

കേരളത്തിൽ നിന്നുള്ള സി. സദാനന്ദൻ മാസ്റ്റർ ഉൾപ്പെടെ 4 പേരെ രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്തു. വിദ്യാഭ്യാസ മേഖലയിലെ സംഭാവനകളും സാമൂഹിക പ്രവർത്തകൻ എന്ന നിലയിലെ പ്രവർത്തനങ്ങളും കണക്കിലെടുത്താണ് രാജ്യസഭാംഗമായി അദ്ദേഹത്തെ നാമനിർദേശം ചെയതത്. പ്രശസ്ത അഭിഭാഷകൻ ഉജ്ജ്വൽ ദേവ്റാവു നികം, മുൻ വിദേശകാര്യ സെക്രട്ടറി ഹർഷ് വർധൻ ശ്രിംഗ്ല, ചരിത്രകാരി ഡോ. മീനാക്ഷി ജെയിൻ എന്നിവരാണ് രാജ്യസഭയിൽ അംഗങ്ങളാകുന്ന മറ്റ് പ്രമുഖർ. പ്രധാനമന്ത്രി നരേന്ദ്രമോദി നാല് പേരെയും അഭിനന്ദിച്ചു. സി.സദാനന്ദൻ മാസ്റ്ററിൻറെ ജീവിതം ധൈര്യത്തിൻറെയും അനീതിക്കെതിരെയുള്ള വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിൻറെയും പ്രതീകമാണെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

RNU TVPM

<u>സദാനന്ദൻ മാസ്റ്റർ - ഇൻട്രോ</u>

പാർട്ടി ഏൽപ്പിച്ച വലിയ ദൗത്യമായാണ് രാജ്യസഭാ അംഗത്വത്തെ കാണുന്നതെന്ന് സി.സദാനന്ദൻ മാസ്റ്റർ ആകാശവാണി വാർത്തകളോട് പ്രതികരിച്ചു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

<u>മൻ കി ബാത്ത്- ടാലൻറ് ഹണ്ട്</u>

സമൂഹത്തിൻറെ താഴെത്തട്ടിൽ നിന്ന് കഴിവുള്ള യുവ ജനതയെ കണ്ടെത്തി അവരുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരം ഒരുക്കുകയാണ് മൻ കി ബാത്ത് ടാലന്റ് ഹണ്ട് ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ. മൻ കീ ബാത്തിനെ അടിസ്ഥാനമാക്കി മേരാ യുവ ഭാരത് സംഘടിപ്പിച്ച ടാലൻ്റ് ഹണ്ട് സീസൺ 5 ൻ്റെ ഫൈനൽ മത്സരം തിരുവനന്തപുരത്ത്

ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കഴിവും നേതൃ പാടവവുമുള്ള യുവജനങ്ങളെ രാഷ്ട്ര വികസനത്തിൽ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തിന് കരുത്തേകുന്നതാണ് ഈ ഉദ്യമമെന്നും ശ്രീമതി രക്ഷ നിഖിൽ ഖഡ്സെ പറഞ്ഞു.

**&&&&&&&&&&&&&&&&&&**

## ഗവർണർ - ഗുരുവന്ദനം

ഗുരു വന്ദനത്തിനെതിരെ വന്ന പരാമർശങ്ങൾ ദൗർഭാഗ്യകരമാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ബാലഗോകുലത്തിൻ്റെ കനകജൂബിലി ആഘോഷം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗുരുഭക്തിയും ഗുരുവന്ദനവും നമ്മുടെ മഹത്തായ സംസ്കാരത്തിൻ്റെ അവിഭാജ്യ ഘടകമാണെന്നും ഗവർണർ പറഞ്ഞു. അതെസമയം, പാദപൂജ സംഭവത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ വിശദമായ അന്വേഷണം നടത്തുമെന്ന് മന്ത്രി വി.ശിവൻകുട്ടി അറിയിച്ചു.

**&&&&&&&&&&&&&&&&&&**

## മൂന്നാർ-കയ്യേറ്റ ഭൂമി പൊളിച്ചു

മൂന്നാറിൽ റവന്യൂ ഭൂമി കയ്യേറി നിർമ്മിച്ച കെട്ടിടം ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പൊളിച്ചു നീക്കി. മൂന്നാർ ന്യൂ നഗറിൽ ഗവ. ഹോമിയോ ആശുപത്രിക്ക് സമീപത്ത് അനധികൃതമായി നിർമ്മിച്ച കെട്ടിടമാണ് പൊളിച്ചു നീക്കിയത്.

**&&&&&&&&&&&&&&&&&&**

## ഓപ്പറേഷൻ ഡി ഹണ്ട്

ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ നിരോധിത മയക്കുമരുന്ന്

PNUTVPM

കൈവശം വച്ചതിന് 154 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. 165 പേർ അറസ്റ്റിലായി.

**&&&&&&&&&&&&&&&&&&**

<u>കൊല്ലം (ഇൻട്രോ)</u>

കൊല്ലം കരുനാഗപ്പള്ളിയിൽ വൻ MDMA വേട്ട. 227 ഗ്രാം MDMA യാണ് പിടികൂടിയത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ....**

**(വോയിസ്)**

**&&&&&&&&&&&&&&&&&&**

RNU TVPM

<u>ഫാം ടൂറിസം - കോഴിക്കോട് - ഇൻട്രോ</u>

വിവിധതരം കൃഷികളെയും കൃഷിരീതികളെയും അടുത്തറിയാൻ ഫാം ടൂർ ഒരുക്കി കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്ത്. 11-ാം മലബാർ റിവർ ഫെസ്റ്റിവലിലെ വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പിന്റെ ഭാഗമായാണ് ഈ ഏകദിന യാത്ര.

**ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്....**

**(ഹോൾഡ് വോയിസ്)**

**&&&&&&&&&&&&&&&&&&**

<u>ശബരിമല</u>

തന്ത്രി കണ്ഠര് രാജീവരുടെ കാർമികത്വത്തിൽ ഭക്തി സാന്ദ്രമായ അന്തരീക്ഷത്തിൽ ശബരിമലയിൽ നവഗ്രഹ ക്ഷേത്ര പ്രതിഷ്ഠ

നടന്നു. പ്രതിഷ്ഠയോടനുബന്ധിച്ചുള്ള പൂജകൾ പൂർത്തിയാക്കി ഇന്നു രാത്രി 10നു നട അടയ്ക്കും. കർക്കടക മാസ പൂജയ്ക്കായി ഈ മാസം 16 ന് നടതുറക്കും.

&&&&&&&&&&&&&&&&&&

**ആറന്മുള വള്ളസദ്യ**

പ്രസിദ്ധമായ ആറന്മുള വള്ളസദ്യക്ക് തുടക്കമായി. വഞ്ചിപ്പാട്ടിൻ്റെ ഈരടികൾ മുഴങ്ങിയ അന്തരീക്ഷത്തിൽ പ്രത്യേകം തയാറാക്കിയ സ്ഥലത്ത് വിളക്കുകൊളുത്തി മന്ത്രി കെ.ബി ഗണേഷ് കുമാർ ഉദ്ഘാടനം നിർവഹിച്ചു. 80 ദിവസം നീളുന്നതാണ് ഇത്തവണത്തെ വള്ള സദ്യക്കാലം.

&&&&&&&&&&&&&&&&&&

**റെയിൽവേ-നിരീക്ഷണ ക്യാമറ**

യാത്രക്കാരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ട്രെയിനുകളിലെ എല്ലാ കോച്ചുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുമെന്ന് റെയിൽവേ മന്ത്രാലയം. 74,000 കോച്ചുകളിലും 15,000 ലോക്കോമോട്ടീവുകളിലും സിസിടിവി ക്യാമറകൾ സ്ഥാപിക്കാൻ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അനുമതി നൽകി. യാത്രക്കാരുടെ സ്വകാര്യത സംരക്ഷിക്കും വിധം കോച്ചിനുള്ളിൽ വാതിലുകൾക്ക് സമീപമായിരിക്കും ക്യാമറകൾ സ്ഥാപിക്കുക.

&&&&&&&&&&&&&&&&&&

**കേന്ദ്ര നിർദ്ദേശം**

കർഷകർക്ക് മതിയായ അളവിൽ ഗുണനിലവാരമുള്ള വളം ലഭ്യമാക്കേണ്ടത് സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്ത

RNU TVPM

മാണെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ഗുണനിലവാരമില്ലാത്ത വളങ്ങളുടെ വിൽപ്പന, സബ്സിഡി വളങ്ങളുടെ കരിഞ്ചന്ത, നിർബന്ധിത ടാഗിംഗ് പോലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ കർശനനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കേന്ദ്രമന്ത്രി കത്തെഴുതി .

&&&&&&&&&&&&&&&&&&

**<u>അനന്തലക്ഷ്മി -ഇൻട്രോ</u>**

ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയുടെയും ആക്സിയം-4 ദൗത്യത്തിലെ മറ്റ് മൂന്ന് ക്രൂ അംഗങ്ങളുടെയും മടക്കയാത്ര നാളെ ആരംഭിക്കും. വൈകുന്നേരം 4:30 നാണ് അൺഡോക്കിംഗ്. ഐഎസ്ആർഒയുടെ ഔട്ട് റീച്ച് പ്രോഗ്രാമിലൂടെ ശുഭാംശു ശുക്ലയുമായി സംവദിക്കാൻ അവസരം ലഭിച്ചതിൻറെ സന്തോഷത്തിലാണ് ഇടുക്കി നരിയംപാറ മന്നം മെമ്മോറിയൽ ഹൈസ്കൂളിലെ 10-ാം ക്ലാസ് വിദ്യാർഥിനി അനന്തലക്ഷ്മി എസ്. ശുഭാംശു ശുക്ലയുമായി സംവദിച്ച അനുഭവം ആകാശവാണി വാർത്തകളോട് പങ്കുവയ്ക്കുകയാണ് അനന്തലക്ഷ്മി

(ഹോൾഡ്)

&&&&&&&&&&&&&&&&&&

**<u>മഴ കേരളം</u>**

സംസ്ഥാനത്ത് ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ഇന്നും, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ കാസർഗോഡ് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്.

&&&&&&&&&&&&&&&&&&

RNU TVPM

ഇടുക്കി (ഇൻട്രോ)

വനംവകുപ്പിനു കീഴിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള ടിക്കറ്റുകൾ ഇനി ഓൺലൈനായി ബുക്ക് ചെയ്യാം. ഇതിൻ്റെ ഭാഗമായി വിനോദ സഞ്ചാരികൾക്ക് വേണ്ടി കേരള വനംവകുപ്പിന്റെ പുതിയ കേന്ദ്രീകൃത ഇക്കോ ടൂറിസം വെബ് പോർട്ടൽ പ്രവർത്തനം തുടങ്ങി.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

(വോയിസ്)

**&&&&&&&&&&&&&&&&&&**

ടെസ്റ്റ് ക്രിക്കറ്റ്

ലോർഡ്സിൽ നടക്കുന്ന ഇന്ത്യ- ഇംഗ്ലണ്ട് മൂന്നാം ടെസ്റ്റിന്റെ നാലാം ദിനത്തിൽ ഇന്ത്യയ്ക്കെതിരെ രണ്ടാം ഇന്നിംഗ്സ് പുനരാരംഭിച്ച ഇംഗ്ലണ്ട് ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 4 വിക്കറ്റിന് 117 റൺ എന്ന നിലയിലാണ്.

RNU TVPM

**&&&&&&&&&&&&&&&&&&**

തുരീയം സംഗീതോത്സവം

പയ്യന്നൂരിൽ നടന്നുവരുന്ന തുരീയം സംഗീതോത്സവം സമാപനത്തിലേക്ക്. സമാപന സമ്മേളനത്തിൽ വിദ്യാധരൻ മാസ്റ്റർ തുരീയം സുവർണ്ണ കീർത്തി മുദ്ര പുരസ്കാരം സമ്മാനിക്കും. തുടർച്ചയായ 111 ദിവസം പയ്യന്നൂരിനെ സംഗീത സാന്ദ്രമാക്കിയ ആഘോഷത്തിനാണ് തിരശ്ശീല വീഴുന്നത്.

**&&&&&&&&&&&&&&&&&&**
**&&&&&&&&&&&**
**&&&**